പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6420 | 21.11.2019- ൽ മറുപടിക്ക്

## കണ്ണംകുണ്ട്കാവ് പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ണംകുണ്ട് കാവ് പാലം നിർമ്മാണം സംബന്ധിച്ച് ഡി.പി.ആർ-ഉം എസ്റ്റിമേറ്റും 2018-19, 2019-20 വർഷങ്ങളിൽ നൽകിയിട്ടും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകുമോ; | (എ) പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കണ്ണംകുണ്ട് പാലത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി 2016-17 ൽ സ.ഉ.(സാധാ)നം.1496/2016 തീയതി 31.10.2016 പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുതിയ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് ഉണ്ടാക്കിയപ്പോൾ പാലത്തിന്റെ നിർമ്മാണ ചെലവ് 10 കോടി രൂപയിൽ താഴെ മാത്രമേ വരുന്നുള്ളൂ. ആയതുകൊണ്ട് പാലത്തിന് കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുവാനുള്ള സാധ്യതയില്ലാത്തതിനാൽ, ബജറ്റ് 2018-19 ൽ ഉൾപ്പെടുത്തി പാലം നിർമ്മാണത്തിന് 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) കണ്ണംകുണ്ട് പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ